LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി ഉക

222 (1642) ശ്രീ. സാജു പോൾ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം നീക്കിവെച്ചിരുന്ന പദ്ധതി ഉക പൂർണ്ണമായും കൈമാറിയോ ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്പണം വകമാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഐ.എ.വൈ. ഭവന പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്ക് അനുവദിച്ച പണം വകമാറ്റാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) ട്രഷറി നിയന്ത്രണങ്ങൾ ഏതെങ്കിലും തരത്തിൽ പദ്ധതി പണം വിനിയോഗിക്കുന്നതിനെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ അനുവദിക്കേണ്ട 10 ഗഡുക്കളിൽ 7 ഗഡുക്കൾ (2365,55,59,900 രൂപ) കൈമാറി കഴിഞ്ഞിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വൈദ്യുതീകരണ ജോലികൾ

223 (1643) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൈദ്യുതീകരണ ജോലികൾക്ക് പുറം കരാർ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള ഒരു തീരുമാനം കൈക്കൊള്ളാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ;

(സി) ജോലികൾ പുറം കരാറിന് നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വൈദ്യുതീകരണ ജോലികൾക്ക് പുറം കരാർ നൽകാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ഇലക്ട്രിഫിക്കേഷൻ ജോലികൾ ഏറ്റെടുത്ത് നടത്താൻ ജോലിഭാരം നിമിത്തം പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിന് സാധിക്കാതെ വരുന്ന സാഹചര്യം കണക്കിലെടുത്ത് പകരം സംവിധാനം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം പത്തുലക്ഷം രൂപ വരെ അടങ്കൽ വരുന്ന ഇലക്ട്രിഫിക്കേഷൻ ജോലികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കാനും മേൽനോട്ടം വഹിക്കാനും മെഷർമെന്റ് രേഖപ്പെടുത്താനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളുടെയും സർവ്വീസിൽ നിന്നും വിരമിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, സബ് എഞ്ചിനീയർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ആയിരിക്കും. ജില്ലാതലത്തിൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി, കെ.എസ്.ഇ.ബി.-യിൽ നിന്നും പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിൽനിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ തുടങ്ങിയവരിൽ നിന്ന് അഞ്ചംഗ സമിതി രൂപീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ഇലക്ട്രിക്കൽ ജോലികളുടെ സാങ്കേതികാനുമതി, ചെക്ക് മെഷർമെന്റ് എന്നിവ മേൽപ്പറഞ്ഞ സമിതിയുടെ അധികാര പരിധിയിലാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പ്

224 (1644) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പിൽ മുൻകാലങ്ങളിൽനിന്നും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിരുന്നത്;

(ബി) പ്രസ്തുത മാറ്റങ്ങൾ വരുത്തുന്നതിന് ഇടയായ സാഹചര്യവും മാറ്റം കൊണ്ടുള്ള ലക്ഷ്യവും എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ ;